"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ:DT/40356/2018-A9 തീയതി: 15-05-2023

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ താത്കാലിക നിയമനം - ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് - നിർദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്:-

സൂചന:- 11.10.2022 തീയതിയിലെ C1/47/2016-തൊഴിൽ നമ്പർ സർക്കാർ കത്ത്

------

വകുപ്പിന് കീഴിൽ വിവിധ സ്ഥാപനങ്ങളിൽ കാഷ്വൽ സ്വീപ്പർ/പാർട്ട് ടൈം സ്വീപ്പർമാരായി 179 ദിവസത്തേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ താത്കാലിക നിയമനം നൽകിയിരുന്ന ഉദ്യോഗാർത്ഥികൾ ടി നിയമനം സ്ഥിരപ്പെടുത്തുന്നതിലേയ്ക്കായി കോടതിയെ സമീപിക്കുകയും, അനുകൂലമായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ടി ഉദ്യോഗാർത്ഥികളുടെ സേവനം ക്രമപ്പെടുത്തേണ്ട സാഹചര്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്. താത്കാലിക നിയമനത്തിനായുള്ള ഒഴിവുകൾ തെറ്റായി റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാലും, മേൽ പ്രകാരമുള്ള ഒഴിവുകളിൽ താത്കാലിക നിയമനം നൽകുന്ന ഉദ്യോഗാർത്ഥികളെ 179 ദിവസം പൂർത്തിയാകുന്ന ദിവസം പിരിച്ചുവിടാതെ അനിശ്ചിതമായി ജോലിയിൽ തുടരാൻ അനുവദിക്കുന്നതിനാലുമാണ് മേൽ പ്രകാരമുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നത്.

മേൽ സാഹചര്യത്തിൽ ഈ വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദേശം പുറപ്പെടുവിക്കുന്നു.

ഈ വകുപ്പിലെ തന്നെ അർഹരായ പാർട്ട് ടൈം സ്വീപ്പർമാർക്ക് സ്ഥാനകയറ്റം അനുവദിക്കുകയോ അല്ലായെങ്കിൽ അതാത് ജില്ലാ കളക്ടേറ്റ് മുഖേനെ പാർട്ട് ടൈം സ്വീപ്പർമാരുടെ പൊതുസീനിയോരിറ്റി ലിസ്റ്റിൽ നിന്നുള്ള സ്ഥാനകയറ്റം മുഖേനെ നിയമിക്കുകയോ ചെയ്ത് ആണ് വകുപ്പിലെ ഫുൾ ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നത്. ആയതിനാൽ വിവിധ സ്ഥാപനങ്ങളിൽ ഫുൾ ടൈം സ്വീപ്പർ തസ്തികയിൽ ഒഴിവ് നിലവിൽ വരുമ്പോൾ മേൽ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും, വകുപ്പിൽ അർഹരായ ജീവനക്കാർ ഉണ്ടെങ്കിൽ ടി ഒഴിവിൽ ഉദ്യോഗകയറ്റം അനുവദിക്കുന്നതും, അല്ലായെങ്കിൽ ജില്ലാ കളക്ടേറ്റ് മുഖേനെ നികത്താൻ അനുമതി നൽകുന്നതുമാണ്. ജില്ലാ കളക്ടേറ്റിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ നികത്താൻ കാലതാമസം നേരിടുന്ന പക്ഷം മേൽ വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതും, ടി ഒഴിവുകളിൽ 179 ദിവസത്തേയ്ക്ക് താത്കാലിക നിയമനം നടത്താൻ വകുപ്പ് മേധാവി അനുമതി നൽകുന്നതുമാണ്.

മേൽ പ്രകാരം താത്കാലിക നിയമനം നടത്തേണ്ടത് കുടുംബശ്രീ മുഖേനെയോ അല്ലായെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയോ ആയിരിക്കണം. ആയതിനാൽ ഒഴിവ് വരുന്ന മുറയ്ക്ക് മേൽ വിവരം രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആയത് സംബന്ധിച്ച വ്യക്തമായ നിർദേശം ഈ കാര്യാലയത്തിൽ നിന്ന് ലഭ്യമായതിനു ശേഷം മാത്രമേ താത്കാലിക നിയമനം സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ പാടുള്ളൂ. മേൽ പ്രകാരമുള്ള താത്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെയാണെങ്കിൽ, ഒഴിവുകൾ എംപ്ലോയ്മെന്റ്

എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്യുമ്പോൾ തസ്തികയുടെ പേര്, ഒഴിവുകളുടെ എണ്ണം, ഒഴിവ് രീതി, ഒഴിവ് കാലയളവ് എന്നിവ അതാത് കോളങ്ങളിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഉദ്യോഗാർത്ഥിയെ ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ, കുടുംബശ്രീ മുഖേനെ താത്കാലിക നിയമനം നടത്തുമ്പോൾ കുടുംബശ്രീയുമായി കരാറിൽ ഏർപ്പെടേണ്ടതും, നിയമന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മേൽ പ്രകാരമുള്ള താത്കാലിക നിയമനം 179 ദിവസത്തേയ്ക്ക് മാത്രമായിരിക്കും. ഉദ്യോഗാർത്ഥിയ്ക്ക് നൽകുന്ന നിയമന ഉത്തരവിൽ സേവന കാലാവധി (179 ദിവസം) കൃത്യമായി രേഖപ്പെടുത്തേണ്ടതും, കൂടാതെ "സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ഉന്നയിക്കില്ല" എന്ന സത്യവാങ്മൂലം ഉദ്യോഗാർത്ഥിയിൽ നിന്ന് എഴുതി വാങ്ങേണ്ടതും, സേവന കാലയളവ് അവസാനിക്കുന്ന തീയതിയിൽ തന്നെ ടി ഉദ്യോഗാർത്ഥിയെ വകുപ്പിൽ നിന്ന് പിരിച്ചുവിട്ടുകൊണ്ട് സ്ഥാപന മേധാവി ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

മേൽ നിർദേശം എല്ലാ സ്ഥാപനമേധാവികളും പാലിക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

15/05/2023

Dr. Veena N Madhavan IAS, DT DTTVPM, O/O DIRECTOR DTTVPM
ട്രെയിനിംഗ് ഡയറക്ടർ

**സ്വീകർത്താവ്:-**

എല്ലാ സ്ഥാപനമേധാവികളും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)